വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ.റ്റി.വി IAS )

ഉത്തരവ് നം. WCD/E9/5991/2020 തിരുവനന്തപുരം,തീയതി: 30.07.2020

വിഷയം:– വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ പൊതു സ്ഥലമാറ്റം 2020 - ചുമതല ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. വനിത ശിശുവികസന ഡയറക്ടറുടെ 22.07.2020 ലെ ഇതേ നം നടപടിക്രമങ്ങൾ.

വനിത ശിശുവികസന വകുപ്പിലെ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരിൽ നിന്നും ലഭ്യമായ അപേക്ഷകൾ പരിഗണിച്ചും, ഭരണപരമായ സൗകര്യവും കണക്കിലെടുത്ത് പരാമർശം (1) പ്രകാരം സ്ഥലമാറ്റം അനുവദിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതു പ്രകാരം ആലപ്പുഴ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി.ജീജ.എസ്സ്-നെ തിരുവനന്തപുരം വനിതാ പ്രൊട്ടക്ഷൻ ഓഫീസിലേയ്ക്ക് പരാമർശം (1) പ്രകാരം സ്ഥലംമാറ്റം അനുവദിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ ആലപ്പുഴ വനിതാ പ്രൊട്ടക്ഷൻ ഓഫീസിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് പ്രസ്തുത തസ്തികയിലെ ചുമതല ക്രമീകരിക്കേണ്ടതുണ്ട്. ആകയാൽ ആലപ്പുഴ വനിതാ പ്രൊട്ടക്ഷൻ ഓഫീസറുടെ പൂർണ്ണ അധിക ചുമതല കഞ്ഞിക്കുഴി അഡീഷണൽ സി.ഡി.പി.ഒ ശ്രീമതി.സോയാ സദാനന്ദന് നൽകി ഉത്തരവാകുന്നു.

ശ്രീമതി.സോയാ സദാനന്ദൻ യഥാ സമയം ആലപ്പുഴ വനിതാ പ്രൊട്ടക്ഷൻ ഓഫീസറുടെ ചുമതല ഏറ്റെടുക്കേണ്ടതും ചുമതല ഏറ്റെടുത്ത വിവരം ആർ.റ്റി.സി യുടെ പകർപ്പ് സഹിതം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
4. ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ട്മാർക്ക്
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്